"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി.ബിന്ദു. എം.വി., ഓഫീസ് അറ്റൻഡന്റ്, താലൂക്ക് ആസ്ഥാന ആശുപത്രി, പുതുക്കാട്, തൃശ്ശൂർ - പ്രത്യേക അവശതാ അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1361/2026/H&FWD തീയതി, തിരുവനന്തപുരം, 07-04-2026

---

പരാമർശം:-
1. ശ്രീമതി. ബിന്ദു. എം.വി സമർപ്പിച്ച 19.05.2025 തീയതിയിലെ അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 22.12.2025 തീയതിയിലെ ഡിഎച്ച്എസ്/16726/2025-ഇ.എഫ്1 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ പുതുക്കാട് താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീമതി. ബിന്ദു. എം.വി, പുതുക്കാട് ഗ്രാമപഞ്ചായത്തിലേക്ക് പോകുന്ന വഴി ദേശീയപാതയിൽ വെച്ച് 02.05.2025-ന് നടന്ന വാഹനാപകടത്തിൽ പരിക്കേറ്റതിനെ തുടർന്ന് ചികിത്സയിലായിരുന്ന 03.05.2025 മുതൽ 17.05.2025 വരെ പ്രത്യേക അവശതാ അവധി അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരാമർശം (2) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. ശ്രീമതി. ബിന്ദു എം.വി അവധി കഴിഞ്ഞ് 19.05.2025 തീയതിയിൽ ജോലിയിൽ തിരികെ പ്രവേശിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ പുതുക്കാട് താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീമതി.ബിന്ദു എം.വി.-യ്ക്ക്, 02.05.2025 തീയതിയിൽ പുതുക്കാട് ഗ്രാമപഞ്ചായത്തിലേക്ക് പോകുന്ന വഴി ദേശീയപാതയിൽ വച്ച് നടന്ന വാഹനാപകടത്തിൽ പരിക്കേറ്റതിനെത്തുടർന്ന് ജോലിയിൽ നിന്നും വിട്ടുനിന്ന 03.05.2025 മുതൽ 17.05.2025 വരെ 15 ദിവസത്തേക്ക് കെ.എസ്.ആർ. ഭാഗം-1, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാ അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജി സി എൻ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, തൃശ്ശൂർ.
സൂപ്രണ്ട്, താലൂക്ക് ആശുപത്രി, പുതുക്കാട്, തൃശ്ശൂർ.
ശ്രീമതി. ബിന്ദു എം.വി, ഓഫീസ് അറ്റൻഡന്റ്, താലൂക്ക് ആശുപത്രി, പുതുക്കാട്, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (F2/71/2026-HEALTH ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 07-04-2026 15:05:15

സെക്ഷൻ ഓഫീസർ